**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1716** **13-02-2025 - ൽ മറുപടിയ്ക്ക്**

**കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിലും അനുബന്ധ സ്ഥാപനങ്ങളിലുമായി 2024 ജനുവരി മുതൽ നാളിതുവരെ യൂണിവേഴ്സിറ്റി അസിസ്റ്റന്റ് തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ടായിട്ടുണ്ടെന്നും അവയിൽ എത്ര ഒഴിവുകൾ പി എസ് സി ക്ക് റിപ്പോർട്ട് ചെയ്തുവെന്നും വ്യക്തമാക്കുമോ; | (എ) | 2024 ജനുവരി മുതൽ നാളിതുവരെ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിലെ അസിസ്റ്റന്റ് തസ്തികയിൽ നേരിട്ടുള്ള നിയമനത്തിനായി മാറ്റി വച്ചിരിക്കുന്ന 14 ഒഴിവുകൾ ഉണ്ടായിട്ടുണ്ട്. അവയിൽ 13 ഒഴിവുകൾ പി.എസ്.സി യിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2025 ജനുവരി 31 ന് വിരമിക്കൽ മൂലമുണ്ടായ ഒരൊഴിവ് റിപ്പോർട്ട് ചെയ്യാനുണ്ട്. |
| (ബി) | 2024 ജനുവരി 1 മുതൽ ഡിസംബർ 31 വരെ പ്രസ്തുത തസ്തികയിലെ എത്ര ഒഴിവുകളാണ് ദീർഘകാല അവധി/ഡെപ്യൂട്ടേഷൻ എന്നിവയ്ക്ക് വേണ്ടി മാറ്റിവെച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | 2024 ജനുവരി 1 മുതൽ ഡിസംബർ 31 വരെ അസിസ്റ്റന്റ് തസ്തികയിലെ 13 ജീവനക്കാർ ദീർഘകാല അവധി/ഡെപ്യൂട്ടേഷൻ പോയിട്ടുണ്ട്. |
| (സി) | 2025 ജനുവരി 1 മുതൽ ഡിസംബർ 31 വരെ പ്രസ്തുത തസ്തികയിൽ പ്രതീക്ഷിത ഒഴിവുകൾ എത്രയെന്നും അവയിൽ എത്രയെണ്ണം ദീർഘകാല അവധി/ ഡെപ്യൂട്ടേഷൻ എന്നിവയ്ക്ക് വേണ്ടി മാറ്റിവെക്കുമെന്നും എത്ര ഒഴിവുകൾ പി എസ് സി ക്ക് റിപ്പോർട്ട് ചെയ്യുമെന്നും വ്യക്തമാക്കുമോ; | (സി) | 2025 ജനുവരി 1 മുതൽ ഡിസംബർ 31 വരെ പ്രസ്തുത തസ്തികയിലെ പ്രതീക്ഷിത ഒഴിവുകൾ – 13, ദീർഘകാല അവധി/ഡെപ്യൂട്ടേഷൻ പോയിട്ടുള്ള ജീവനക്കാർ - 13.<br><br>2025 ജനുവരി 31 ന് വിരമിക്കൽ മൂലമുണ്ടായ ഒരോഴിവ് പി.എസ്.സി യിലേക്ക് റിപ്പോർട്ട് ചെയ്യാനുണ്ട്. |
| (ഡി) | 09.12.2024 ലെ സർക്കാർ ഉത്തരവ് (നം.) ഉപ.സി3/200/2024/പി&എ ആർ ഡി പ്രകാരം 2025-ലെ എല്ലാ മുൻകൂർ ഒഴിവുകളും 2024 ഡിസംബർ 25-ന് മുമ്പ് പി എസ് സി ക്ക് റിപ്പോർട്ട് ചെയ്യണമെന്ന നിർദ്ദേശം കൊച്ചി ശാസ്ത്ര സാങ്കേതിക സർവകാലാശാലയിൽ പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (ഡി) | പ്രതീക്ഷിത ഒഴിവുകളും ദീർഘകാല അവധി/ ഡെപ്യൂട്ടേഷൻ -ൽ പോയിരിക്കുന്ന ജീവനക്കാരുടെ എണ്ണവും തുല്യമായതിനാൽ ടി ഒഴിവുകൾ യഥാർത്ഥ്യമാകുന്ന മുറയ്ക്ക് മാത്രമേ പി.എസ്.സി യിലേക്ക് റിപ്പോർട്ട് ചെയ്യുവാൻ സാധിക്കുകയുള്ളൂ. നിലവിലുള്ള ഒരൊഴിവ് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഇ) | പ്രസ്തുത തസ്തികയിൽ നിലവിലുള്ള ഒഴിവുകളും പ്രതീക്ഷിത ഒഴിവുകളും പി എസ് സി ക്ക് റിപ്പോർട്ട് ചെയ്യുന്നതിൽ എന്തെങ്കിലും തടസ്സം ഉണ്ടോയെന്ന് വ്യക്തമാക്കുമോ? | (ഇ) | ഡി) -യിൽ നൽകിയിരിക്കുന്നു. |

സെക്ഷൻ ഓഫീസർ